REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് ഇന്ന് തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമു രാവിലെ ഇരുസഭകളുടേയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും.**
- **ന്യൂഡൽഹിയിൽ വാർഷിക NCC -PM റാലിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിവാദ്യം ചെയ്യും.**
- **രണ്ടാം പിണറായി ഗവൺമെന്റിന്റെ അവസാന ബജറ്റ് നാളെ മന്ത്രി KN ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിക്കും.**
- **വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല പുനരധിവാസ ടൗൺഷിപ്പിലെ 178 ഗുണഭോക്താക്കൾക്ക് ഫെബ്രുവരിയിൽ വീടുകളുടെ താക്കോൽ കൈമാറും.**
- **അണ്ടർ 19 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, സിംബാബ്-വേയെ 204 റൺസിന് തകർത്തു.**

## വാർത്തകൾ വിശദമായി

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് ഇന്ന് തുടക്കമാകും. രാവിലെ 11ന് രാഷ്ട്രപതി ദ്രൗപദി മുർമു ഇരുസഭകളുടേയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നതോടെ ബജറ്റ് സമ്മേളനം തുടങ്ങും. ബജറ്റിന് മുന്നോടിയായി നാളെ സാമ്പത്തിക സർവേ സഭകളുടെ മേശപ്പുറത്ത് വെക്കും. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്.

ഇന്നു മുതൽ ഫെബ്രുവരി 13 വരെയാണ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം. രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെ നീളും. ബജറ്റ് സമ്മേളന കാലത്ത് 30 ദിവസം സഭകൾ ചേരും.

✪✪✪

ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ വാർഷിക NCC - PM റാലിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. 'രാഷ്ട്ര പ്രഥം - കർത്തവ്യ നിഷ്ഠ് യുവ' എന്നതാണ് ഈ വർഷത്തെ പ്രമേയം. രാജ്യത്തെ യുവാക്കളുടെ കടമ, അച്ചടക്കം, ദേശീയ പ്രതിബദ്ധത എന്നിവയെ റാലി പ്രതിഫലിപ്പിക്കുമെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ഒരു മാസം നീണ്ട NCC റിപ്പബ്ലിക് ദിന ക്യാമ്പിന്റെ പരിസമാപ്തിയാണ് PM റാലി.

✪✪✪

ഇന്ന് അന്താരാഷ്ട്ര ഡാറ്റാ സ്വകാര്യതാ ദിനം. ഡിജിറ്റൽ യുഗത്തിൽ വ്യക്തിഗത ഡാറ്റയും സ്വകാര്യതയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 അവലോകന യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്. ദേശീയപാതാ രണ്ടിൽ ഉത്തർപ്രദേശിലെ ചകേരി-അലഹബാദ് ആറുവരി പാതയുടെ പൂർത്തീകരണത്തെ കുറിച്ചാണ് ആകാശവാണിയുടെ ഇന്നത്തെ 'പ്രഗതി' പ്രത്യേക റിപ്പോർട്ട്.

......(വോയ്സ്)...........

ഡൽഹി-കൽക്കട്ട സുവർണ ചതുഷ്കോണ ഗതാഗത ഇടനാഴിയുടെ സുപ്രധാന ഭാഗമാണ് ചകേരി - അലഹബാദ് സെക്ഷൻ. 145 കിലോമീറ്ററോളം നീളുന്ന പാത പ്രധാന വ്യവസായ-വാണിജ്യ-തീർത്ഥാടന കേന്ദ്രങ്ങളിലൂടെയാണ് കടന്നുപോകുന്നത്. 2017 മാർച്ചിൽ ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച പദ്ധതി ഭൂമി ഏറ്റെടുപ്പും, വനം-പരിസ്ഥിതി അനുമതിയും ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾ നേരിട്ടു. പാതയുടെ ദേശീയ പ്രാധാന്യം തിരിച്ചറിഞ്ഞ് 2019 ജൂലൈയിൽ പദ്ധതി പ്രഗതി സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവന്നു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രഗതി യോഗത്തിൽ സമയബന്ധിതമായ പദ്ധതി പൂർത്തീകരണത്തിന് തീരുമാനമെടുത്തു. ശേഷിക്കുന്ന ഭൂമി ഏറ്റെടുപ്പും നഷ്ടപരിഹാര വിതരണവും അടിയന്തിരമായ പരിഹരിച്ചു. സംസ്ഥാന ഗവൺമെന്റുമായി ചേർന്ന് ഗതാഗത മന്ത്രാലയം പദ്ധതിവേഗം വർദ്ധിപ്പിച്ചു. ഇതിലൂടെ 2024 ഓഗസ്റ്റിൽ ആറുവരി പാത യാഥാർത്ഥ്യമായി.

✪✪✪

രണ്ടാം പിണറായി ഗവൺമെന്റിന്റെ അവസാന ബജറ്റ് നാളെ മന്ത്രി KN ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിക്കും. നിയമസഭ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്ന ബജറ്റായിരിക്കും മന്ത്രി അവതരിപ്പിക്കുകയെന്നാണ് വിലയിരുത്തൽ. സാമ്പത്തിക അവലോകന റിപ്പോർട്ട് ഇന്ന് നിയമ സഭയിൽ വെയ്ക്കും.

✪✪✪

ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം നാളെ മുതൽ ഞായറാഴ്ച വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന് സ്പീക്കർ AN ഷംസീർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നാളെ വൈകിട്ട് നിശാഗന്ധി ഓഡിറ്റോറിയത്തിൽ പൊതുയോഗവും തുടർന്ന് ഭാരത് ഭവന്റെ നേതൃത്വത്തിൽ കലാ പരിപാടിയും നടത്തും. 30, 31 തീയതികളിൽ നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിലാണ് ലോക കേരളസഭാ നടപടികൾ.

സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, ലോക കേരളം ഓൺലൈൻ സേവനങ്ങൾ, പ്രവാസി മിഷൻ, എയർപോർട്ട് ഹെല്പ് ഡസ്കുകൾ തുടങ്ങിയവ മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ ഉദ്ഘാടനം ചെയ്യും. നോർക്കയുടെ 'ഷെർപ്പ' നിക്ഷേപ പ്രോത്സാഹന പോർട്ടലും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുമെന്ന് സ്പീക്കർ അറിയിച്ചു.

✪✪✪

കോട്ടക്കൽ ആര്യവൈദ്യശാല സ്ഥാപക ദിനാഘോഷം രാവിലെ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. കോട്ടയ്ക്കൽ ധർമ്മാശുപത്രിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഔപചാരിക സമാപനവും ഇന്നാണ്.

✪✪✪

വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല പുനരധിവാസ ടൗൺഷിപ്പിലെ 178 ഗുണഭോക്താക്കൾക്ക് ഫെബ്രുവരിയിൽ വീടുകളുടെ താക്കോൽ കൈമാറും. പട്ടയം, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വൈദ്യുതി - കുടിവെള്ള കണക്ഷനുകൾ എന്നി സൗകര്യങ്ങളോടു കൂടിയായിരിക്കും വീടുകളും കൈമാറ്റം. കല്പറ്റയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ മന്ത്രി OR കേളു ആണ് ഇക്കാര്യം അറിയിച്ചത്.

ദുരന്തത്തിൽ പൂർണമായി നഷ്ടം സംഭവിച്ച ഫേസ് ഒന്നിലെ ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രി പിണറായി വിജയനാണ് താക്കോലുകൾ കൈമാറുന്നത്. ജനുവരി 31-ന് മേപ്പാടി EMS ഹാളിലെ നറുക്കെടുപ്പിലൂടെ ആയിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. ബാക്കി വീടുകൾ

നിർമ്മാണം പൂർത്തിയാകുന്നതിനനുസരിച്ച്, മെയ് മാസത്തോടെ രണ്ടാം ഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കും.

✪✪✪

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും, സംസ്ഥാന പരിസ്ഥിതി കൗൺസിലിന്റെയും 2024 ലെ കേരള ശാസ്ത്രപുരസ്കാരത്തിന് DRDO ഏറോനോട്ടിക്കൽ സിസ്റ്റംസ് മുൻ ഡയറക്ടർ ജനറൽ, ഡോ. ടെസ്സി തോമസ്സ് അർഹയായി. ഇന്ത്യയുടെ മിസൈൽ വനിത എന്ന് വിശേഷിപ്പിക്കുന്ന ഡോ. ടെസ്സി തോമസ്സിനെ രാജ്യരക്ഷാ ഗവേഷണ-വികസന മേഖലയിലെ സംഭാവനകൾ കണക്കിലെടുത്താണ് പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്.

ഫെബ്രുവരി ഒന്നിന് എറണാകുളം സെന്റ് ആൽബെർട്സ് കോളേജിൽ കേരള സയൻസ് കോൺഗ്രസിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും.

✪✪✪

അണ്ടർ 19 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, സിംബാബ്-വേയെ 204 റൺസിന് തകർത്തു. ബുലവോയോയിലെ സൂപ്പർ സിക്സ് സ്റ്റേജിൽ എട്ട് വിക്കറ്റിന് 352 റൺസെടുത്ത ഇന്ത്യ, സിംബാബ്-വേയെ 37.4 ഓവറിൽ 148 റൺസിന് എല്ലാവരെയും പുറത്താക്കിയാണ് തകർപ്പൻ വിജയം നേടിയത്.

✪✪✪

കേന്ദ്ര വ്യവസായ സുരക്ഷാ സേനയുടെ കോസ്റ്റൽ സൈക്ലത്തോൺ രണ്ടാം പതിപ്പ് ഇന്ന് ന്യൂഡൽഹിയിൽ ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ഫ്ലാഗ് ഓഫ് ചെയ്യും. 150 വർഷം പൂർത്തീകരിച്ച ദേശീയഗീതത്തിന്റെ അനുസ്മരണാർത്ഥമാണ് വന്ദേമാതരം കോസ്റ്റൽ സൈക്ലത്തോൺ 2026 സംഘടിപ്പിക്കുന്നത്. പശ്ചിമ ബംഗാളിലെ ബഖാലിയിൽ നിന്നും ഗുജറാത്തിലെ ലഘ്പട് കോട്ടയിൽ നിന്നും ഒരേസമയം സൈക്ലിംഗ് ടീമുകൾ യാത്ര ആരംഭിക്കും. 6,500 കിലോമീറ്റർ പിന്നിട്ട് കൊച്ചിയിൽ സൈക്ലത്തോൺ സമാപിക്കും. 'സുരക്ഷിത തീരം, സമൃദ്ധ ഇന്ത്യ 'എന്ന പ്രമേയത്തോടെയാണ് സൈക്കിൾ യാത്ര.

✪✪✪

കേരളത്തിന്റെ ഫുട്ബോൾ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന സൂപ്പർ ലീഗ് കേരളയുടെ 'കേരള ഫുട്ബോൾ മിഷൻ 2035' മന്ത്രി V. അബ്ദുറഹിമാൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. കേരളത്തെ ഗ്ലോബൽ സ്പോർട്സ് ഹബ്ബാക്കി ഉയർത്തുകയാണ് മിഷൻ 2035 ലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

കായിക വികസന പ്രവർത്തനങ്ങൾക്കായി വകുപ്പിൽ ആസൂത്രണ - ഗവേഷണ വിഭാഗം തുടങ്ങുന്നതായും മന്ത്രി അറിയിച്ചു. ഭാവിയിൽ കായിക മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ നിശ്ചയിക്കുന്നത് ഈ വിങ്ങായിരിക്കും.

✪✪✪

നവീകരണം പൂർത്തിയാക്കിയ കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയം ഇന്ന് കേരള ഫൂട്ബോൾ അസ്സോസിയേഷന് കൈമാറും. ISL മത്സരക്രമം അനുസരിച്ച് കേരളാ ബ്ലാസ്റ്റേഴ്സിന്റെ ഒമ്പത് ഹോം മത്സരങ്ങൾ കോഴിക്കോട്ടാണെന്ന് അറിയിച്ചിരുന്നെങ്കിലും ഔദ്യോഗിക പ്രഖ്യാപനം വന്നിട്ടില്ല. സൂപ്പർ ക്രോസ് റേസിംഗ് ലീഗ് മത്സരത്തിലാണ് പുൽമൈതാനം തകർന്നത്.

✪✪✪

കണ്ണൂരിൽ പ്രധാനമന്ത്രി ഉച്ചതർ ശിക്ഷ അഭിയാൻ ,രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ എന്നീ പദ്ധതികളുടെ മേഖലാ തല അവലോകന യോഗം ഇന്ന് സമാപിക്കും. കണ്ണൂർ സർവകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസ്സിലാണ് ഇന്നത്തെ യോഗം. കേരളം, , കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലെ സർവകലാ ശാല വൈസ് ചാൻസലർമാരും മുതിർന്ന ഉദ്യോഗസ്ഥരുമാണ് അവലോകണയോഗത്തിൽ പങ്കെടുക്കുന്നത്

✪✪✪

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങും സംസ്ഥാന സാമൂഹ്യ നീതി വകുപ്പും ചേർന്ന് സംഘടിപ്പിക്കുന്ന വെബ്ബിനാറിന്റെ ഭാഗമായി ''പാർക്കിൻസൺസ് ബാധിതർ വീഴുന്നത് തടയാൻ മാർഗ്ഗനിർദ്ദേശങ്ങൾ'' എന്ന വിഷയത്തിൽ നാളെ സൗജന്യ ഓൺലൈൻ സെമിനാർ നടത്തും. രാവിലെ പത്തര മുതൽ പന്ത്രണ്ടര വരെ ഗൂഗിൾ മീറ്റിംഗിലൂടെയും, നിഷിന്റെ യൂട്യൂബ് ചാനലിലൂടെയും തത്സമയം കാണാം.

✪✪✪

ഹെൽമറ്റ് ധരിക്കാതെ ഇരുചക്ര വാഹനങ്ങൾ ഓടിച്ചതിന് സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 50,969 പേരിൽ നിന്നായി 2 കോടി 56 ലക്ഷത്തോളം രൂപ പിഴ ഈടാക്കി. ഒരു ലക്ഷത്തി 20,000ത്തോളം ഇരുചക്ര വാഹനങ്ങളാണ് " ഹെൽമെറ്റ് ഓൺ- സേഫ് റൈഡ് " എന്ന ഒരാഴ്ച നീണ്ട സ്പെഷ്യൽ ഡ്രൈവിൽ പരിശോധിച്ചത്.

✪✪✪

വിവരാവകാശ ചോദ്യങ്ങൾക്ക് മറുപടി നൽകാതിരുന്നാലും വിവരം നൽകുന്നതിൽ വിലക്കേർപ്പെടുത്തിയാലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമെന്ന് സംസ്ഥാന വിവരാവകാശ കമീഷണർ TK രാമകൃഷ്ണൻ അറിയിച്ചു. കോഴിക്കോട്ട് സിറ്റിങ്ങിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഫയൽ ഓഫീസിലെ ആരുടെ കൈവശമാണെങ്കിലും അവരിൽനിന്ന് വിവരം ലഭ്യമാക്കി നൽകേണ്ട ചുമതല പൊതു വിവരാവകാശ ഓഫീസർക്കാണെന്നും കമീഷണർ വ്യക്തമാക്കി.

മാനന്തവാടിയിൽ കടുവ ആക്രമണത്തിൽ സ്ത്രീ മരിച്ച സംഭവത്തോട് ബന്ധപ്പെട്ട് വിവരങ്ങൾ നൽകാനുണ്ടെങ്കിൽ അത് വേഗം നൽകണമെന്ന് മാനന്തവാടി പോലീസ് സ്റ്റേഷനിലെ വിവരാവകാശ ഓഫീസർക്ക് കമീഷണർ നിർദേശം നൽകി. സിറ്റിങ്ങിൽ 16 പരാതികൾ തീർപ്പാക്കി.

✪✪✪

പയ്യന്നൂർ MLA, TI മധുസൂദനന്റെ അനധികൃത സ്വത്ത് സമ്പാദനത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് BJP രാവിലെ പയ്യന്നൂരിലേ MLA ഓഫീസിലേക്ക് മാർച്ച് നടത്തും. BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേഷ് ഉദ്ഘാടനം ചെയ്യും.

✪✪✪

പത്മശ്രീ എന്ന ശ്രേഷ്ഠ പുരസ്കാരം ദേവകിയമ്മയിലൂടെ ജില്ലയിലെത്തിയത് ആലപ്പുഴക്ക് അഭിമാനമാണെന്ന് ജില്ലാ കളക്ടർ അലക്സ് വർഗീസ് പറഞ്ഞു. പത്മശ്രീ പുരസ്കാര ജേതാവ് കായംകുളം കണ്ടല്ലൂർ കൊല്ലകൽ ദേവകിയമ്മയെ വീട്ടിലെത്തി ആദരിച്ച ശേഷം സംസാരിക്കുകയായിരുന്നു കളക്ടർ.

✪✪✪

'പാതിവില' തട്ടിപ്പുമായി ബന്ധപ്പെട്ട് തൈക്കാട്ടുശ്ശേരി സീഡ് സൊസൈറ്റി മുഖേന പണം നഷ്ടമായ വ്യക്തികളുടെ മൊഴി ശേഖരിക്കുന്നതിന് ആലപ്പുഴ ക്രൈം ബ്രാഞ്ച്, സിറ്റിംഗ് നടത്തും. ഇന്ന് മുതൽ ഈ മാസം 31 വരെ തീയതികളിൽ വടുതല ജെട്ടി AKG ഗ്രന്ഥശാലയിലാണ് സിറ്റിംഗ് നടത്തുന്നത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽചന്ദ്രൻ*
*NRTs: നിമിഷ ജി*
*DEO : സി കെ സുബോധ്*